LIBRARY ARCHIVES Kerala Legislative Assembly

ഹൈ സെക്യൂരിറ്റി ആനിമൽ ഡിസീസ് ലബോറട്ടറി

229 (3516) ശ്രീ. പുരുഷൻ കടലുണ്ടി : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൈ സെക്യൂരിറ്റി ആനിമൽ ഡിസീസ് ലബോറട്ടറി കേരളത്തിൽ അനിവാര്യമാണെന്ന് കരുതുന്നുണ്ടോ ;

(ബി) പക്ഷിപ്പനി കണ്ടെത്തിയ സാഹചര്യത്തിൽ ഇത്തരം ഒരു ലാബ് വെറ്ററിനറി സർവ്വകലാശാലയുടെ ഭാഗമായി തുടങ്ങുന്ന കാര്യം പരിഗണിക്കാമോ ;

(സി) ഇതു സംബന്ധിച്ച് വിശദമായ ഒരു പ്രൊപ്പോസൽ തയ്യാറാക്കുന്നതിന് വെറ്ററിനറി യൂണിവേഴ്സിറ്റിയോട് ആവശ്യപ്പെടാമോ ?

ഉത്തരം

(എ) പക്ഷിപ്പനി, കുരങ്ങുപനി എന്നിവയുടെ സാമ്പിളുകൾ പരിശോധിക്കുന്നതിനും മറ്റുമായി ഒരു ബയോസേഫ്റ്റി ലെവൽ 3+ ലബോറട്ടറി അനിവാര്യമാണ്.

(ബി&സി) പക്ഷിപ്പനി കണ്ടെത്തിയ സാഹചര്യത്തിൽ ഇത്തരം ഒരു ലാബ് വെറ്ററിനറി സർവ്വകലാശാല കേന്ദ്ര സംസ്ഥാന ഗവൺമെന്റുമായി സഹകരിച്ച് ആലപ്പുഴ ജില്ലയിൽ തുടങ്ങുന്ന കാര്യം പരിശോധിച്ചുവരുന്നു.

ലൈവ്സ്റ്റോക്ക് ഫാമുകൾ

230 (3517) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മൃഗസംരക്ഷണവകുപ്പിനു കീഴിൽ എത്ര ലൈവ് സ്റ്റോക്ക് ഫാമുകൾ നിലവിലുണ്ടെന്നും അവ ഏതെല്ലാമാണെന്നും പറയാമോ ;

(ബി) ഓരോ ഫാമിലും ഓരോ ഇനത്തിൽപ്പെട്ട എത്ര ഉരുക്കൾ വീതമുണ്ടെന്ന് പറയാമോ ;

(സി) ഓരോ ഫാമിന്റെയും അധീനതയിലുള്ള ഭൂമിയുടെ വിസ്തീർണ്ണം എത്രയാണെന്നും അതിൽ ഉപയോഗിച്ചുവരുന്ന ഭൂമി എത്രയാണെന്നും തരിശായിട്ടിരിക്കുന്ന ഭൂമി എത്രയാണെന്നും പറയാമോ ;

(ഡി) ഓരോ ഫാമിലും അംഗീകൃത സ്ഥിരം തൊഴിലാളികൾ നിലവിൽ എത്ര പേരുണ്ടെന്നും അവരിൽ സ്ത്രീകളും പുരുഷന്മാരും എത്ര പേരുണ്ടെന്നും പറയാമോ ;

(ഇ) ഓരോ ഫാമിലും കാഷ്വൽ തൊഴിലാളികളും ദിവസവേതനകാരായ തൊഴിലാളികളും എത്ര പേരുണ്ടെന്നും അവരിൽ സ്ത്രീകളും പുരുഷന്മാരും എത്ര പേരാണെന്നും വിശദമാക്കാമോ ;

(എഫ്) 1-1-2001 നും 1-11-2014 നും ഇടയിൽ ഈ ഫാമുകളിൽ നിന്നും മൃഗസംരക്ഷണ വകുപ്പിന്റേതല്ലാത്ത പദ്ധതികൾക്ക് സ്ഥലം വിട്ടു നൽകിയിട്ടുണ്ടോയെന്നും, അത് ഏതെല്ലാം വകുപ്പുകൾക്ക് ഏതെല്ലാം പദ്ധതികൾക്കു വേണ്ടിയാണെന്നും അവയ്ക്ക് പ്രതിഫലം കിട്ടിയിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ എത്ര തുകയാണെന്നും വിശദീകരിക്കാമോ ?

<u>ഉത്തരം</u>

(എ) 8 ലൈവ് സ്റ്റോക്ക് ഫാമുകൾ നിലവിലുണ്ട്.

1. ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രം, കടപ്പനക്കുന്ന്.
2. ജഴ്സി ഫാം, വിതുര
3. ജഴ്സി ഫാം എക്സ്റ്റൻഷൻ യൂണിറ്റ്, ചെറ്റച്ചൽ
4. ബഫല്ലോ ബ്രീഡിംഗ് ഫാം, കരിയോട്ടുമല
5. ആട് വളർത്തൽ കേന്ദ്രം, പാറശ്ശാല
6. ആട് വളർത്തൽ കേന്ദ്രം, അട്ടപ്പാടി
7. ആടുവളർത്തൽ കേന്ദ്രം, കൊമേരി
8. കന്നുകാലി ഫാം, ബദിയഡുക്ക (പ്രവർത്തനം ആരംഭിച്ചിട്ടില്ല)

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1. ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രം, കടപ്പനക്കുന്ന്

കന്നുകാലികൾ - സി.ബി.ജെ.-127, സി.ബി.ബി.എസ്.-5, സി.ബി.എച്ച്.എഫ്-25,

ആടുകൾ - മലബാറി-23

ജഴ്സി ഫാം - വിളുര

കന്നുകാലികൾ സി.ബി.ജെ.-140, സി.ബി.ബി.എസ്.-13, സി.ബി.എച്ച്.എഫ്.-45

ബഫല്ലോ - മുറ - 56

ആടുകൾ - മലബാറി - 160

ജഴ്സി ഫാം എക്സ്റ്റൻഷൻ യൂണിറ്റ്, ചെറുച്ചൽ

കന്നുകാലികൾ - സി.ബി.ജെ. - 117

സി.ബി.എച്ച്.എഫ്. - 69

ബഫല്ലോ ബ്രീഡിംഗ് ഫാം, കുരിയോട്ടുമല

കന്നുകാലികൾ

സി.ബി.ജെ. - 96,

സി.ബി.ബി.എസ്.-27, സ്സി.ബി.എച്ച്.എഫ്.-69

ആടുകൾ - മലബാറി - 101

ആടുവളർത്തൽ കേന്ദ്രം, പാറശ്ശാല

മലബാറി - 233

ആടുവളർത്തൽ കേന്ദ്രം, അട്ടപ്പാടി

അട്ടപ്പാടി ബ്ലാക്ക് - 159, മലബാറി - 67

ആടുവളർത്തൽ കേന്ദ്രം, കൊമേരി

മലബാറി - 200

LIBRARY ARCHIVES Kerala Legislative Assembly

(സി)

ഫാമിന്റെ പേര്	ഭൂമിയുടെ വിസ്തീർണ്ണം (ഏക്കർ)	ഉപയോഗിച്ചു വരുന്ന ഭൂമി (ഏക്കർ)	തരിശായിട്ടിരിക്കുന്ന ഭൂമി
ജില്ലാകന്നുകാലി വളർത്തൽ കേന്ദ്രം, കുടപ്പനക്കുന്ന്	30.9	30.9	ഇല്ല
ജഴ്സി ഫാം, വിതുര	200	200	ഇല്ല
ജഴ്സി ഫാം എക്സ്റ്റൻഷൻ യൂണിറ്റ്, ചെറ്റച്ചൽ	58	58	ഇല്ല
ബഫല്ലോ ബ്രീഡിംഗ് ഫാം, കുരിയോട്ടുമല	161	161	ഇല്ല
ആടുവളർത്തൽ കേന്ദ്രം, പാറശ്ശാല	5	5	ഇല്ല
ആടുവളർത്തൽ കേന്ദ്രം, അട്ടപ്പാടി	42	42	ഇല്ല
ആടുവളർത്തൽ കേന്ദ്രം, കൊമേരി	12.17	12.17	ഇല്ല
കന്നുകാലി ഫാം, ബദിയഡുക്ക	6	6	ഇല്ല

(ഡി) അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു.*

(ഇ) അനുബന്ധം (ബി) ആയി ചേർത്തിരിക്കുന്നു.*

(എഫ്) അനുബന്ധം (സി) ആയി ചേർത്തിരിക്കുന്നു.*

കെപ്കോ വഴിയുള്ള കോഴിമുട്ട വിൽപ്പന

231 (3518) ശ്രീ. എം. ഉമ്മർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെപ്കോയുടെ കൗണ്ടർ വഴി പൊതുജനങ്ങൾക്ക് കോഴിമുട്ട വിൽപ്പന നടത്തുന്നുണ്ടോ ; ഉണ്ടെങ്കിൽ മുട്ടയുടെ വില, കൗണ്ടർ പ്രവർത്തിക്കുന്ന സമയം എന്നിവ സംബന്ധിച്ച വിശദാംശം നൽകുമോ ;

(ബി) പ്രസ്തുത കൗണ്ടറിലൂടെയുള്ള വില്പന ഏതെല്ലാം കേന്ദ്രങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട് ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly